روضة الخطباء
റൗദതുൽ ഖുതബാഅ്, ഖുതുബ നോട്ട്
sufaraulislam.com
03/09/2021

# തമാശ ഇസ്‌ലാമിൽ

بسم الله الرحمن الرحيم

തമാശ ഇഷ്ടപ്പെടാത്ത മനുഷ്യരുണ്ടാകില്ല. തമാശ പറയുകയും കേൾക്കുകയും ചെയ്യുന്നത് മനുഷ്യനിൽ സന്തോഷം ഉണ്ടാക്കുന്ന കാര്യങ്ങളാണ്.

ഇന്ന് തമാശയുടെ പേരിൽ സമൂഹത്തിൽ പല തോന്നിവാസങ്ങളും നടക്കുന്നു.

പല മേഖലകളിലും അതിരു വിട്ട തമാശകളും കളവുകളുമാണ്.

1. വിവാഹ രംഗത്ത്
2. ട്രോളുകൾ.
3. പ്രഭാഷണ മേഖലയിൽ ആളുകളെ ചിരിപ്പിക്കാൻ.
4. യൂറ്റൂബ് ചാനലുകളുടെ വളർച്ചക്ക്...

ഏതൊരു വിഷയത്തിലെന്നതുപോലെ തമാശയുടെ കാര്യത്തിലും ഇസ്ലാം ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

**ഇമാം സുഫ്‌യാൻ ഇബ്നു ഉയയ്നയോട് (റഹി) ചോദിച്ചു:**

قال رجل لسفيان بن عيينة – رحمه الله -: المزاح سبة، فأجابه قائلًا: بل هو سنة، ولكن لمن يحسنه ويضعه في موضعه (فيض القدير للمناوي بتصرف.)

തമാശ സുബ്ബത്ത് (ആക്ഷേപം) ആണ്. അദ്ദേഹം പ്രതികരിച്ചു: അല്ല, തമാശ സുന്നത്താണ്, അത് നന്നായി അവതരിപ്പിക്കുന്നവർക്ക്.

❖ **തമാശയിൽ സുന്നത്താക്കപ്പെട്ടവയും വിരോധിക്കപ്പെട്ടവയും ഉണ്ട്.**

നബി (സ) അവിടുത്തെ ജീവിതത്തിൽ തമാശ കാണിച്ച സന്ദർഭങ്ങൾ

**1. നുഗൈർ എന്തു ചെയ്യുന്നു?**

عَنْ أَنَسِ بْنِ مَالِكٍ قَالَ إِنْ كَانَ النَّبِيُّ صلى الله عليه وسلم لَيُخَالِطُنَا حَتَّى يَقُولَ لأَخٍ لِي صَغِيرٍ : يَا أَبَا عُمَيْرٍ مَا فَعَلَ النُّغَيْرُ(بخاري)

അനസിൽ (റ) നിന്ന് നിവേദനം: അദ്ദേഹം പറയുന്നു: നബി ﷺ ഞങ്ങളോട് ഇടകലർ ന്ന് സഹവസിച്ചിരുന്നു. എത്രത്തോളമെന്നാൽ എന്റെ കുഞ്ഞനിയനോട് ഇങ്ങനെ ചോദിച്ചിരുന്നു: അബൂ ഉമൈർ, നുഗൈർ എന്തുചെയ്യുന്നു. (നുഗൈർ എന്നത് ഒരു കുഞ്ഞു പക്ഷിയുടെ പേരാണ്) (ബുഖാരി)

**2. ‘ഇരുചെവിയൻ’**

عَنْ أَنَسٍ، قَالَ رُبَّمَا قَالَ لِيَ النَّبِيُّ صلى الله عليه وسلم يَا ذَا الأُذُنَيْنِ. قَالَ أَبُو أُسَامَةَ يَعْنِي يُمَازِحُهُ (ترمدي)

അനസിൽ (റ) നിന്ന് നിവേദനം: അദ്ദേഹം പറഞ്ഞു: ഒരിക്കൽ നബി (സ്വ) തന്നെ 'ഇരു ചെവിയൻ' എന്ന് വിളിച്ചു. അബൂഉസാമ പറയുന്നു: നബി (സ്വ) അദ്ദേഹത്തോട് തമാശ പറയുകയായിരുന്നു അത്. (തിർമിദി)

**3. സ്വർഗത്തിൽ വൃദ്ധകൾ പ്രവേശിക്കുന്നതല്ല**

عَنِ الْحَسَنِ، قَالَ: أَتَتْ عَجُوزٌ إِلَى النَّبِيِّ صلى الله عليه وسلم، فَقَالَتْ: يَا رَسُولَ اللهِ، ادْعُ اللَّهَ أَنْ يُدْخِلَنِي الْجَنَّةَ، فَقَالَ: يَا أُمَّ فُلانٍ، إِنَّ الْجَنَّةَ لا تَدْخُلُهَا عَجُوزٌ، قَالَ: فَوَلَّتْ تَبْكِي، فَقَالَ: أَخْبِرُوهَا أَنَّهَا لا تَدْخُلُهَا وَهِيَ عَجُوزٌ إِنَّ اللَّهَ تَعَالَى، يَقُولُ: إِنَّا أَنْشَأْنَاهُنَّ إِنْشَاءً، فَجَعَلْنَاهُنَّ أَبْكَارًا، عُرُبًا أَتْرَابًا.

ഹസനിൽ(റ) നിന്ന് നിവേദനം : അദ്ദേഹം പറഞ്ഞു: ഒരു വൃദ്ധ നബി (സ്വ) യുടെ അടുക്കൽ വന്നിട്ട് പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ, എന്നെ സ്വർഗത്തിൽ പ്രവേശിപ്പിക്കുന്നതിന് വേണ്ടി പ്രാർത്ഥിക്കണം. നബി (സ്വ) പറഞ്ഞു: ഹേ, ഇന്നയാളുടെ മാതാവേ, തീർച്ചയായും സ്വർഗത്തിൽ വൃദ്ധകൾ പ്രവേശിക്കുന്നതല്ല. അപ്പോൾ അവർ തിരിഞ്ഞു പോകുകയും കരയുകയും ചെയ്തു. നബി (സ്വ) പറഞ്ഞു: അവർ വൃദ്ധയായ അവസ്ഥയിൽ സ്വർഗത്തിൽ പ്രവേശിക്കുന്നതല്ലെന്ന് അവരെ അറിയിക്കുക. (അവർ യുവതിയായിട്ടാണ് സ്വർഗത്തിൽ പ്രവേശിക്കുന്നത്) അല്ലാഹു പറയുന്നു: തീർച്ചയായും അവരെ (സ്വർഗ സ്ത്രീകളെ) നാം ഒരു പ്രത്യേക പ്രകൃതിയോടെ സൃഷ്ടിച്ചുണ്ടാക്കിയിരിക്കുകയാണ്. അങ്ങനെ അവരെ നാം കന്യകമാരാക്കിയിരിക്കുന്നു. സ്നേഹവതികളും സമപ്രായക്കാരും ആക്കിയിരിക്കുന്നു. (ഖുർആൻ:56/35-37) (സിൽസിലത്തുൽ സ്വഹീഹ)

❖ **നബി (സ്വ) യും സ്വഹാബികളും...**

നബി (സ്വ) യും സ്വഹാബികളും ജീവിതത്തിൽ തമാശ പറഞ്ഞ് ചിരിക്കാറുണ്ട്.

عَنْ سِمَاكِ بْنِ حَرْبٍ، قَالَ قُلْتُ لِجَابِرِ بْنِ سَمُرَةَ أَكُنْتَ تُجَالِسُ رَسُولَ اللَّهِ صلى الله عليه وسلم قَالَ نَعَمْ كَثِيرًا كَانَ لاَ يَقُومُ مِنْ مُصَلاَّهُ الَّذِي يُصَلِّي فِيهِ الصُّبْحَ أَوِ الْغَدَاةَ حَتَّى تَطْلُعَ الشَّمْسُ فَإِذَا طَلَعَتِ الشَّمْسُ قَامَ وَكَانُوا يَتَحَدَّثُونَ فَيَأْخُذُونَ فِي أَمْرِ الْجَاهِلِيَّةِ فَيَضْحَكُونَ وَيَتَبَسَّمُ .

സിമാകിബ്നു ഹർബിൽ(റ) നിന്ന് നിവേദനം: അദ്ദേഹം പറഞ്ഞു:ജാബിർ (റ) എന്നോട് ചോദിച്ചു: നിങ്ങൾ നബി (സ്വ) യുടെ സദസ്സിൽ ഇരിക്കുമായിരുന്നോ? ഞാൻ പറഞ്ഞു: അതെ, ധാരാളമായി (ഇരിക്കുമായിരുന്നു.) സുബ്ഹി നമസ്കരിച്ച മുസ്വല്ലയിൽ നിന്നും സൂര്യൻ ഉദിക്കുന്നതുവരെ നബി (സ്വ) എഴുന്നേൽക്കുമായിരുന്നില്ല. അങ്ങനെ സൂര്യൻ ഉദിച്ച് കഴിഞ്ഞാൽ അവിടുന്ന് എഴുന്നേൽക്കും. അവർ (സ്വഹാബിമാർ) പരസ്പരം സംസരിക്കുകയും ജാഹിലിയ്യത്തിലെ കാര്യങ്ങൾ സംസാരിച്ച് ചിരിക്കുമായിരുന്നു. (അതുകേട്ട്) നബി (സ്വ) പുഞ്ചിരിക്കും. (മുസ്ലിം:)

❖ **തമാശ പറയുമ്പോൾ ശ്രദ്ധിക്കേണ്ടത്.**

### 1. തമാശ പറയുന്ന സന്ദർഭവും ആളുകളെയും പരിഗണിക്കുക.

- തമാശ പറയുന്ന അവസരത്തിൽ അത് ആരോടാണ് പറയുന്നതെന്നും, പറയുന്ന സന്ദർഭവും സാഹചര്യവും അനുയോജ്യമാണോയെന്നുമുള്ള ധാരണ ഉണ്ടായിരിക്കണം.
- ഓരോരുത്തരും അവർക്ക് യോജിച്ച ആളോടായിരിക്കണം തമാശ പറയേണ്ടത്.
- ഒരു സാധാരണക്കാരൻ ബഹുമാനിക്കപ്പെടേണ്ടവരായ പണ്ഢിതൻമാരുടെയും പ്രായമുള്ളവരുടെയും അടുത്തായിരിക്കെ തമാശ പറയുന്നത് അനുയോജ്യമല്ല.

**ഇബ്നു അബ്ബാസ്(റ) പറഞ്ഞു:**

من السنة أن يوقر العالم

പണ്ഢിതനെ ആദരിക്കുകയെന്നത് സുന്നത്തിൽ പെട്ടതാണ്.

عَنْ أَبِي مُوسَى الأَشْعَرِيِّ، قَالَ قَالَ رَسُولُ اللَّهِ صلى الله عليه وسلم : إِنَّ مِنْ إِجْلاَلِ اللَّهِ إِكْرَامَ ذِي الشَّيْبَةِ الْمُسْلِمِ

അബൂമൂസൽ അശ്അരിയ്യിൽ (റ) നിന്ന് നിവേദനം: നബി (സ്വ) പറഞ്ഞു: അല്ലാഹുവി നെ ആദരിക്കുന്നതിൽ പെട്ടതാണ് മുസ്ലിമായ പ്രായമുള്ളവരെ ആദരിക്കുന്നത്. (അബൂദാവൂദ്)

### 2. തമാശയിൽ കളവ് പാടില്ല

കള്ളം കെട്ടിച്ചമക്കുക എന്നുള്ളത് സത്യനിഷേധികളുടെ സ്വഭാവമായിട്ടാണ് വിശുദ്ധ ഖുർആൻ പറഞ്ഞിട്ടുള്ളത്.

إِنَّمَا يَفْتَرِي ٱلْكَذِبَ ٱلَّذِينَ لَا يُؤْمِنُونَ بِـَٔايَـٰتِ ٱللَّهِ ۖ وَأُو۟لَـٰٓئِكَ هُمُ ٱلْكَـٰذِبُونَ (١٠٥/١٦)

**കളവ് കപട വിശ്വാസികളുടെ അടയാളം**

عَنْ أَبِي هُرَيْرَةَ، أَنَّ رَسُولَ اللَّهِ صلى الله عليه وسلم قَالَ : آيَةُ الْمُنَافِقِ ثَلاَثٌ إِذَا حَدَّثَ كَذَبَ، وَإِذَا وَعَدَ أَخْلَفَ، وَإِذَا اؤْتُمِنَ خَانَ

അബൂഹുറൈറയിൽ (റ) നിന്ന് നിവേദനം: നബി (സ്വ) പറഞ്ഞു: കപട വിശ്വാസികളുടെ ലക്ഷണം മൂന്നാകുന്നു. സംസാരിച്ചാൽ കളവുപറയും, വാഗ്ദത്തം ചെയ്താൽ ലംഘിക്കും, വിശ്വസിച്ചാൽ ചതിക്കും. (ബുഖാരി)

**തമാശക്ക് പോലും കളവ് പറയരുത്.**

- തമാശക്ക് അൽപമൊക്കെ കളവ് പറയാമെന്നാണ് പലരും ധരിച്ചുവെച്ചിട്ടുള്ളത്.
- തമാശയിൽ പോലും കളവ് പറയാൻ പാടില്ലെന്നാണ് ഇസ്ലാം പഠിപ്പിച്ചിട്ടുള്ളത്.

قَالَ رَسُولَ اللَّهِ صلى الله عليه وسلم : وَيْلٌ لِلَّذِي يُحَدِّثُ فَيَكْذِبُ لِيُضْحِكَ بِهِ الْقَوْمَ وَيْلٌ لَهُ وَيْلٌ لَهُ

നബി (സ്വ) പറഞ്ഞു: സംസാരിക്കുകയും ജനങ്ങളെ ചിരിപ്പിക്കുവാൻ വേണ്ടി കളവ് പറയുകയും ചെയ്യുന്നവന് നാശം. അവനാകുന്നു നാശം. അവനാകുന്നു നാശം. (അബൂദാവൂദ്)

**ആളുകളെ ചിരിപ്പിക്കാൻ വേണ്ടി കളവ് പറഞ്ഞാൽ**

عَنْ أَبِي هُرَيْرَةَ ـ رضى الله عنه ـ أَنَّ رَسُولَ اللَّهِ صلى الله عليه وسلم قَالَ : إِنَّ الرَّجُلَ لَيَتَكَلَّمُ بِالْكَلِمَةِ يُضْحِكُ بِهَا جُلَسَاءَهُ، يَهْوِي بِهَا مِنْ أَبْعَدَ مِنَ الثُّرَيَّا

അബൂഹുറൈറയിൽ(റ) നിന്ന് നിവേദനം: നബി (സ്വ) പറഞ്ഞു: ഒരാൾ തന്റെ സദസ്യരെ ചിരിപ്പിക്കുന്നതിനായി (കളവായ) ചില വാക്കുകൾ പറയുന്നുവെങ്കിൽ അവൻ ഭൂമിയിൽ നിന്നും വിദൂരത്തേക്ക് ആണ്ടുപോകുന്നു. (അഹ്മദ്)

നബി (സ്വ) അവിടുത്തെ ജീവിതത്തിൽ തമാശ കാണിച്ച ചില സന്ദർഭങ്ങൾ പരിശോധിച്ചാൽ അവിടെയെങ്ങും കളവിന്റെ യാതൊരു അംശവും കാണാൻ കഴിയില്ല.

عَنْ أَبِي هُرَيْرَةَ، قَالَ قَالُوا يَا رَسُولَ اللَّهِ إِنَّكَ تُدَاعِبُنَا . قَالَ : إِنِّي لاَ أَقُولُ إِلاَّ حَقًّا

അബൂഹുറൈറയിൽ(റ) നിന്ന് നിവേദനം: സ്വഹാബികൾ നബി (സ്വ) യോട് ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ, താങ്കൾ ഞങ്ങളോട് തമാശ പറയുന്നുവല്ലോ? നബി (സ്വ) പറഞ്ഞു: അതെ, പക്ഷേ, ഞാൻ സത്യമായതല്ലാതെ പറയില്ല. (തിർമിദി:)

عَنِ ابْنِ عُمَرَ، عَنِ النَّبِيِّ صلى الله عليه وسلم قَالَ : إني لأمزح ولا أقول إلا حقّا

ഇബ്നു ഉമറിൽ (റ) നിന്ന് നിവേദനം: നബി (സ്വ) പറഞ്ഞു: തീർച്ചയായും ഞാൻ തമാശ പറയാറുണ്ട്. പക്ഷേ സത്യമല്ലാതെ ഞാൻ പറയാറില്ല. (ത്വബ്റാനി)

### 3. തമാശയിൽ ഭയപ്പെടുത്തൽ പാടില്ല

തമാശക്ക് വേണ്ടി മറ്റുള്ളവരുടെ എന്തെങ്കിലും സാധനങ്ങൾ ഒളിപ്പിച്ച് വെക്കുന്നത് നബി (സ്വ) വിരോധിച്ചിട്ടുണ്ട്.

عَنْ عَبْدِ الرَّحْمَنِ بْنِ أَبِي لَيْلَى، قَالَ حَدَّثَنَا أَصْحَابُ، مُحَمَّدٍ صلى الله عليه وسلم أَنَّهُمْ كَانُوا يَسِيرُونَ مَعَ النَّبِيِّ صلى الله عليه وسلم فَنَامَ رَجُلٌ مِنْهُمْ فَانْطَلَقَ بَعْضُهُمْ إِلَى حَبْلٍ مَعَهُ فَأَخَذَهُ فَفَزِعَ فَقَالَ رَسُولُ اللَّهِ صلى الله عليه وسلم : لاَ يَحِلُّ لِمُسْلِمٍ أَنْ يُرَوِّعَ مُسْلِمًا

അബ്ദുറഹ്മാനിബ്നു അബൂലൈലയിൽ (റ) നിന്ന് നിവേദനം: അദ്ദേഹം പറഞ്ഞു: ഒരിക്കൽ നബി(സ്വ) യും സ്വഹാബികളും ഒരു യാത്ര പോകുകയായിരുന്നു. യാത്രാമധ്യേ അവർ ഒരിടത്ത് വിശ്രമിക്കാനിറങ്ങി. അന്നേരം ഒരു സ്വഹാബി ഉറങ്ങിയപ്പോൾ മറ്റൊരാൾ അദ്ദേഹത്തിന്റെ ഒരു കയർ (ചാട്ട) എടുത്ത് ഒളിപ്പിച്ച് വെച്ചു. ഉണർന്നപ്പോൾ അത് കാണാതെ അയാൾ ഭയാശങ്കയിലായി. അപ്പോൾ നബി (സ്വ) പറഞ്ഞു: ഒരു മുസ്‌ലിമും മറ്റൊരു മുസ്‌ലിമിനെ ഭയപ്പെടുത്താൻ പാടില്ല. (അബൂദാവൂദ്: സ്വഹീഹ് അൽബാനി)

### 4. തമാശക്ക് ആയുധം ചൂണ്ടരുത്

കത്തിപോലുള്ള ആയുധങ്ങൾ ചൂണ്ടി പലരും തമാശ കാണിക്കാറുണ്ട്.
അപ്രതീക്ഷിതമായി ആ ആയുധം കൊണ്ട് അപകടമുണ്ടായേക്കാം.

തമാശക്കുപോലും ആയുധം ചൂണ്ടുന്നത് നബി (സ്വ) വിരോധിച്ചിട്ടുണ്ട്.

عَنْ أَبِي هُرَيْرَةَ، عَنِ النَّبِيِّ صلى الله عليه وسلم قَالَ: لاَ يُشِيرُ أَحَدُكُمْ عَلَى أَخِيهِ بِالسِّلاَحِ، فَإِنَّهُ لاَ يَدْرِي لَعَلَّ الشَّيْطَانَ يَنْزِعُ فِي يَدِهِ، فَيَقَعُ فِي حُفْرَةٍ مِنَ النَّارِ

അബൂഹുറൈറയിൽ(റ) നിന്ന് നിവേദനം: നബി (സ്വ) പറഞ്ഞു:നിങ്ങളിൽ ആരും തന്നെ തന്റെ സഹോദരന്റെ നേരെ ആയുധം ചൂണ്ടരുത്. നിശ്ചയമായും അവൻ അറിയാതെ പിശാച് അത് തെറ്റിക്കാൻ സാധ്യതയുണ്ട്. അങ്ങനെ അവൻ നരകക്കുഴിയിൽ ആപതിക്കും. (ബുഖാരി)

عَنْ أَبِي هُرَيْرَةَ، يَقُولُ قَالَ أَبُو الْقَاسِمِ صلى الله عليه وسلم: مَنْ أَشَارَ إِلَى أَخِيهِ بِحَدِيدَةٍ فَإِنَّ الْمَلاَئِكَةَ تَلْعَنُهُ حَتَّى وَإِنْ كَانَ أَخَاهُ لأَبِيهِ وَأُمِّهِ

അബൂഹുറൈറയിൽ(റ) നിന്ന് നിവേദനം: നബി (സ്വ) പറഞ്ഞു:ആരെങ്കിലും ഇരുമ്പ് (ആയുധം) തന്റെ സഹോദരനുനേരെ ചൂണ്ടിക്കാണിച്ചാൽ അവനത് ഉപേക്ഷിക്കും വരെ മലക്കുകൾ അവനെ ശപിക്കും. അവൻ സ്വന്തം സഹോദരനാ ണെങ്കിലും. (മുസ്ലിം).

### 5. തമാശയിൽ പരിഹാസം പാടില്ല

عَنْ عَائِشَةَ، قَالَتْ قُلْتُ لِلنَّبِيِّ صلى الله عليه وسلم حَسْبُكَ مِنْ صَفِيَّةَ كَذَا وَكَذَا قَالَ غَيْرُ مُسَدَّدٍ تَعْنِي قَصِيرَةً . فَقَالَ " لَقَدْ قُلْتِ كَلِمَةً لَوْ مُزِجَتْ بِمَاءِ الْبَحْرِ لَمَزَجَتْهُ "

ആഇശയിൽ (റ) നിന്ന് നിവേദനം: അവർ പറഞ്ഞു:ഞാൻ നബി(സ്വ) യോട് പറഞ്ഞു: താങ്കൾക്ക് ഇന്നയിന്നവളായ (അതായത് കുറിയവളായ) സ്വഫിയ്യ(റ) മതി. നബി (സ്വ) പറഞ്ഞു: 'ആഇശാ, നീ പറഞ്ഞ വാക്ക് കടലിൽ കലക്കിയാൽ അതിന്റെ നിറവും വാസനയും മാറുമായിരുന്നു. (അബൂദാവൂദ്)

### ശ്രദ്ധിക്കുക.

തമാശ പറയൽ സുന്നത്താണ്. എന്നാൽ തമാശക്കാരനായി ജീവിക്കൽ അഥവാ എല്ലായ്പ്പോഴും തമാശ പറഞ്ഞു നടക്കൽ പാടില്ലാത്തതാണ്.

فَلْيَضْحَكُوا قَلِيلًا وَلْيَبْكُوا كَثِيرًا جَزَآءً بِمَا كَانُوا يَكْسِبُونَ (٩/٨٢)

عَنْ أَبِي هُرَيْرَةَ، قَالَ قَالَ رَسُولُ اللَّهِ ـ صلى الله عليه وسلم ـ : لاَ تُكْثِرُوا الضَّحِكَ فَإِنَّ كَثْرَةَ الضَّحِكِ تُمِيتُ الْقَلْبَ

അബൂഹുറൈറയിൽ (റ) നിന്ന് നിവേദനം: നബി (സ്വ) പറഞ്ഞു: നിങ്ങൾ ചിരി അധികരിപ്പിക്കരുത്, തീർച്ചയായും ചിരിയുടെ ആധിക്യം ഹൃദയത്തെ നിർജ്ജീവമാക്കും. (ഇബ്നുമാജ)

عَنْ أَبِي هُرَيْرَةَ، ـ رضى الله عنه ـ كَانَ يَقُولُ قَالَ رَسُولُ اللَّهِ صلى الله عليه وسلم : لَوْ تَعْلَمُونَ مَا أَعْلَمُ لَضَحِكْتُمْ قَلِيلاً، وَلَبَكَيْتُمْ كَثِيرًا

അബൂഹുറൈറയിൽ(റ) നിന്ന് നിവേദനം: നബി (സ) പറഞ്ഞു: ഞാൻ അറിഞ്ഞത് നിങ്ങൾ അറിഞ്ഞിരുന്നുവെങ്കിൽ നിങ്ങൾ വളരെ കുറച്ചുമാത്രം ചിരിക്കുകയും ധാരാളമായി കരയുകയും ചെയ്യുമായിരുന്നു. (ബുഖാരി)

قال عمر بن عبد العزيز رحمه الله : اتقوا المزاح ، فإنه يذهب المروءة

ഉമർ ഇബ്നു അബ്ദുൽ അസീസ്(റഹി) പറഞ്ഞു: നിങ്ങൾ തമാശയെ സൂക്ഷിക്കുക. അത് വ്യക്തിത്വത്തെ നശിപ്പിക്കും.

قال عمر بن الخطاب رضي الله عنه: مَن كَثُرَ ضحكُه قلَّت هيبتُه، ومَن مزح استُخِفَّ به، ومَن أكثر من شيءٍ عُرِفَ به

ഉമർ (റ) പറഞ്ഞു: ആര് ചിരി അധികരിപ്പിക്കുന്നുവോ അവന്റെ ഗാംഭീര്യം നഷ്ടപ്പെടും. ആര് തമാശ അധികരിപ്പിക്കുന്നുവോ അവൻ നിസ്സാരനാക്കപ്പെടും. ഒരാൾ ഏത് കാര്യമാണോ വർദ്ധിപ്പിക്കുന്നത് അവൻ ആ കാര്യത്തിലായിരിക്കും അറിയപ്പെടുന്നത്.

---

- ഖുത്ത്ബ നോട്ടുകൾ ലഭിക്കാൻ (+917034743343) എന്ന നമ്പർ സേവ് ചെയ്തു പേരും സ്ഥലവും ചേർത്തു വാട്സാപ്പ് മെസേജ് അയക്കുക.
- ഖുത്ത്ബ ഗ്രൂപ്പിൽ ചേരാൻ ഈ ലിങ്ക് ഉപയോഗിക്കുക:
https://chat.whatsapp.com/KRPAkhbXmwCAn5sHVJSfVA
- ഇതു വരെയുള്ള എല്ലാ ഖുത്ത്ബകളും ലഭിക്കാൻ ടെലിഗ്രാം ചാനലിൽ അംഗമാവുക.
https://t.me/joinchat/ScQonQalrhJaZcA_